# ദൈവജനത്തിൻറെ ഇടയിലുള്ള ശേഷിപ്പ്

സാക് പുന്നൻ

WFTW 05 മാർച്ച് 2017

സകല പ്രവാചകന്മാരും ദൈവജനത്തിൻറെ ഇടയിലുള്ള ഒരു ശേഷിപ്പിനെക്കുറിച്ചു പ്രസ്താവിച്ചു. ദൈവജനത്തിൻറെ ഇടയിൽ ആത്മീയ അധഃപതനത്തിൻറെ ഒരു സമയം ഉണ്ടാകുമ്പോൾ , ദൈവത്തോട് വിശ്വസ്തരായി നിലനിൽക്കുന്ന കുറച്ചുപേർ അവിടെ ഉണ്ടായിരിക്കുന്നതെങ്ങനെയെന്നതിനെക്കുറിച്ച് അവർ സംസാരിച്ചു.

പഴയ നിയമത്തിൽ എഴുതിയിട്ടുള്ള കാര്യങ്ങൾ നമുക്ക് പ്രബോധനത്തിനായി എഴുതപ്പെട്ടിട്ടുള്ളവയാണ് (1 കൊരി.10:11) കഴിഞ്ഞ കാലത്ത് യിസ്രായേലിൽ ഒരു അധഃപതനം ഉണ്ടായിരുന്നതു പോലെ ഇന്ന് ക്രിസ്ത്യാനികളുടെ ഇടയിൽ ഒരു അധഃപതനം ഉണ്ട്. രണ്ടു രാജ്യങ്ങൾ  യിസ്രായേലും യഹൂദയും  ഇന്ന് ക്രിസ്തീയ ഗോളത്തിലുള്ള രണ്ടു കൂട്ടങ്ങളുടെ ചിത്രമാണ് 10 ഗോത്രങ്ങളുള്ള യിസ്രായേൽ പ്രധാന സഭാവിഭാഗങ്ങളുടെ ഒരു വലിയ കൂട്ടത്തിൻറെ പ്രതീകമായിരിക്കുന്നു. അതേസമയം 2 ഗോത്രങ്ങളുള്ള യഹുദാ വേർപെട്ട ചെറിയ കൂട്ടങ്ങളുടെ പ്രതീകമാണ്. എന്നാൽ ഇന്ന് ഈ രണ്ടുകൂട്ടങ്ങളും അധഃപതനത്തിലാണ്. പഴയ നിയമത്തിൽ, യിസ്രായേലിൻറെ അബദ്ധങ്ങളിൽ നിന്ന് യഹൂദ പഠിച്ചില്ല. അതു പോലെ ഇന്ന്മു ഖ്യധാരയിലുള്ള സഭാവിഭാഗങ്ങൾ ചെയ്തിട്ടുള്ള അബദ്ധങ്ങളിൽ നിന്ന് വേർപെട്ട് സമൂഹങ്ങളും ഒന്നും പഠിക്കുന്നില്ല  എന്നുതന്നെയുമല്ല അവർതന്നെ അതേ അബദ്ധങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു. എന്നാൽ ആത്യന്തികമായി, ഈ രണ്ടു സമൂഹങ്ങളിൽ നിന്നും ഇന്ന് ദൈവത്തിന് ഒരുശേഷിപ്പുണ്ട്. ഇന്ന് കർമ്മാനുഷ്ഠാന പ്രാധാന്യമുള്ള സമൂഹങ്ങളിലും സ്വതന്ത്ര സമൂഹങ്ങളിലും ആത്മീയ അധഃപതനമുണ്ട്. എന്നാൽ ഇതിൻറെ എല്ലാം നടുവിൽ ദൈവത്തിന് തനിക്കുവേണ്ടി ഹൃദയംവച്ചിട്ടുള്ള കുറച്ചുപേർ ഉണ്ട്. അവരെല്ലാവരും ഏതെങ്കിലും ഒരു സഭാവിഭാഗത്തിൽ മാത്രമല്ല കാണപ്പെടുന്നത്, എല്ലാ സഭാ വിഭാഗങ്ങളിലും അവർ കാണപ്പെടുന്നു. ദൈവത്തെ സ്നേഹിക്കുന്നവരും എല്ലാ കാര്യങ്ങളിലും ദൈവത്തിൻറെ മാനം അന്വേഷിക്കുന്നവരുമായ സ്ത്രീ പുരുഷന്മാരാണവർ. അവർ യഥാർത്ഥമായി പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിരിക്കുന്നു. കൂടാതെ, അവർ തർക്കങ്ങളിൽ ഇടപെടുന്നില്ല. അവർ തങ്ങളുടെ നാവ് ഉപയോഗിക്കുന്ന കാര്യത്തിൽ അതീവ ശ്രദ്ധാലുക്കളാണ് തന്നെയുമല്ല. പണത്തിൻറെ കാര്യത്തിൽ അവർ വളരെ വിശ്വസ്തരും ആണ്. ദൈവം ഈ നാളുകളിൽ അങ്ങനെയുള്ള ആളുകളെ തൻറെ ശേഷിപ്പായി ഒരുമിച്ചു ചേർക്കുന്നു. പ്രവാചകന്മാരുടെ പ്രമേയം എപ്പോഴും യഥാസ്ഥാനത്വമായിരുന്നു. ഈ ശേഷിപ്പ് കർത്താവായ യേശുവിൻറെ വരവിനു വേണ്ടി വഴിയൊരുക്കി. യേശു ജനിച്ചപ്പോൾ, അവിടെ ഒരു ചെറിയ ശേഷിപ്പുണ്ടായിരുന്നു  ദൈവാലയത്തിൽ ശിമെയോനും ഹന്നയും, സ്നാപകയോഹന്നാൻ, ആട്ടിടയന്മാർ, കൂടാതെ കിഴക്കുനിന്നുള്ള വിദ്വാന്മാർ. ഇന്നും ക്രസ്തീയ ഗോളത്തിൽ കർത്താവിൻറെ വരവിനുവേണ്ടി വഴിയൊരുക്കുന്ന ഒരു ശേഷിപ്പ് ഉണ്ട്.

സെഫന്യാവ് പറയന്നു, ‘ നിങ്ങളെ രക്ഷിക്കുവാൻ നിങ്ങൾ യഹോവയോട് അപേക്ഷിപ്പിൻ. താഴ്മയുള്ളവരായ നിങ്ങൾ എല്ലാവരും അധികം താഴ്മയ്ക്കും വേണ്ടി അന്വേഷിപ്പിൻ‘.(സെഫ 2:3). എന്തൊരു വാക്ക് ‘കൂടതൽ താഴ്മയ്ക്കായി അന്വേഷിപ്പിൻ‘ ദൈവം താഴ്മയുള്ളവരെ അനുഗ്രഹിക്കുന്നു എന്ന് സെഫ ന്യാവിനു മനസ്സിലായി. ഒരു വശത്ത് ബാബിലോണിൻറെ നിഗളവും മറുവശത്ത് യെരുശലേമിലുള്ള ശേഷിപ്പിൻറെ താഴ്മയും. കയീൻറെയും ഹാബേലിൻറെയും കാലം മുതൽ, മനുഷ്യവർഗ്ഗത്തിൽ രണ്ട് ശാഖകൾ ഉണ്ട്  ബാബിലോണും യെരുശലേമും. ദുഷിച്ച മതപരമായ വ്യവസ്ഥിതിയാണ് ബാബിലോൺ. ദൈവത്തിൻറെ സത്യസഭയാണ് യെരുശലേം. ഈ സഭ വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത് അത്ഭുതങ്ങളോ,

അടയാളങ്ങളോ, വീര്യപ്രവൃത്തികളോ കൊണ്ടല്ല, എന്നാൽ താഴ്മയാലാണ്. അധികമധികം താഴ്മയ്ക്കുവേണ്ടി അന്വേഷിക്കുന്ന കാര്യത്തിൽ അവർ ഒരിക്കലും ക്ഷീണിക്കുന്നില്ല.

അപ്പോൾ പിന്നെ ഈ ശേഷിപ്പിൽ ഉള്ളവർക്കു നേരിടുന്ന അപകടം എന്താണ്? അത് തങ്ങളെ തന്നെ മറ്റുസഭകളുമായി താരതമ്യം ചെയ്ത് അവരെക്കാൾ ഉന്നതന്മാരായിരിക്കുന്നതിൽ പുകഴുന്നതിനുള്ള അപകടമാണ്. നിങ്ങൾ ചിന്തിക്കണം എന്ന് പിശാച് ആഗ്രഹിക്കുന്ന കാര്യവും കൃത്യമായി അതുന്നെയാണ്, കാരണം നിങ്ങൾ അങ്ങനെ ചിന്തിക്കുവാൻ തുടങ്ങുന്ന ആ നിമിഷം തന്നെ ദൈവം നിങ്ങളുടെ ശത്രുവായി തീരുമെന്നും നിങ്ങൾ നിന്ദിക്കുന്നവരെ പോലെ തന്നെ നിങ്ങളും ആയിതീരുമെന്നും പിശാചിനറിയാം. ദൈവത്തിൻറെ ശേഷിപ്പിന് എത്രവേഗം ബാബിലോണിൻറെ ഒരു ഭാഗമായിത്തീരാൻ കഴിയുമെന്ന് നിങ്ങൾ കാണുക. അതുകൊണ്ട് താഴ്മ പിന്തുടരുക. നിങ്ങളുടെ മുഖം എപ്പോഴും പൊടിയിൽ താഴ്ത്തി സൂക്ഷിക്കുക. ഒരിക്കലും നിങ്ങളെതന്നെ മറ്റുള്ള ആളുകളോട് താരതമ്യം ചെയ്യാതിരിക്കുക. എപ്പോഴും നിങ്ങളെ യേശുവിനോടുമാത്രം താരതമ്യം ചെയ്യുക. ഇന്ന് ദൈവ ജനത്തിൻറെ ശേഷിപ്പിൽ ഉൾപ്പെടുന്ന എല്ലാവരോടുമുള്ള എൻറെ ഉപദേശം അതാണ്.

ഫെലിസ്ത്യ പട്ടണങ്ങൾ നശിപ്പിക്കപ്പെടുകയും അത് ശൂന്യമാക്കപ്പെടുകയും ചെയ്യും എന്നാൽ അതിനെ അതിജീവിക്കുന്ന കുറച്ചുപേർ ( വീണ്ടും ഒരു ശേഷിപ്പ്)സംരക്ഷിക്കപ്പെടും ( സെഫ 2:4,7) എന്ന് സെഫന്യാവ് പ്രവചിച്ചു. ഈ ശേഷിപ്പ് മറ്റു ഉള്ളവരാൽ അപഹസിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യും. ( സെഫ 2:8) നിങ്ങൾ ദാനിയേലിനെയും അവൻറെ മൂന്നു സ്നേഹിതന്മാരെയും പോലെ കർത്താവിനു വേണ്ടി നിന്നാൽ, പ്രവാചകന്മാർ ആ ശേഷിപ്പിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതു പോലെ, ഒത്തുതീർപ്പുകാരായ ക്രിസ്ത്യാനികളാൽ നിങ്ങളും അപഹസിക്കപ്പെടും എന്നുള്ള കാര്യം നിങ്ങൾക്ക് ഉറപ്പാക്കാം. അവർ നിങ്ങളോട് ഇങ്ങനെ പറയും, 'നിങ്ങൾ മതഭ്രാന്തന്മാരുടെ ഈ ചെറിയ കൂട്ടത്തിൽ ചേർന്നിട്ടില്ലായിരുന്നു എങ്കിൽ, എത്ര ശേഷ്ഠമായ ഒരു ശുശ്രൂഷ നിങ്ങൾക്കുണ്ടാകുമായിരുന്നു' എൻറെ വിപുലമായ ശുശ്രൂഷ ഉപക്ഷിച്ചിട്ട്, കേവലം കുറച്ചു പേർ ചേർന്ന് ഒരു സഭയായി ഞങ്ങളുടെ ഭവനത്തിൽ യോഗങ്ങൾ ആരംഭിച്ചപ്പോൾ അനേകം ക്രിസ്ത്യാനികൾ ഇത് എന്നോടു പറഞ്ഞു. അവർക്കാർക്കും ഞാൻ ചെവികൊടുത്തില്ല എന്നതിൽ ഞാൻ നന്ദിയുള്ളവനാണ്. ഞാൻ കർത്താവിനോടു പറഞ്ഞു. ' കർത്താവെ, രണ്ടോ, മൂന്നോ പേർ മാത്രം കൂടുന്ന ഇടത്താണ് ഞാൻ എന്നത് ഞാൻ കാര്യമാക്കുന്നില്ല. അങ്ങ് എവിടെയാണോ അവിടെ ഞാനും ആയിരിക്കുവാൻ ആഗ്രഹിക്കുന്നു കൂടാതെ അവിടുത്തെ വചനത്തിലുള്ള മുഴുവൻ സത്യവും പ്രഘോഷിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. പിന്മാറ്റത്തിലായ ക്രിസ്ത്യാനിത്വത്തിൻറെയോ അവരുടെ നേതാക്കന്മാരുടെയോ അഭിപ്രായങ്ങൾ ഞാൻ കാര്യമാക്കുന്നില്ല' നിങ്ങൾ അങ്ങനെയൊരും നിലപാടെടുത്താൽ, നിങ്ങൾ അനവധി എതിർപ്പുകൾ നേരിടേണ്ടിവരും. എന്നാൽ നിങ്ങൾ അവസാനത്തോളം സഹിച്ചു നിന്നാൽ, നിങ്ങൾ നിങ്ങളുടെ ഓട്ടം സന്തോഷത്തോടെ പൂർത്തിയാക്കും. നിങ്ങളുടെ കണ്ണുകൾ കർത്താവിൽ കേന്ദ്രീകരിക്കുക. കർത്താവു പറയുന്നു ' നിൻറെ വിമർശകന്മാരെക്കുറിച്ച് നീ വിഷമിക്കേണ്ട. ഞാൻ എൻറെ സമയത്ത് അവരെ കൈകാര്യം ചെയ്തോളാം' ഇന്ന് എൻറെ വിമർശകന്മാരെല്ലാം നിശ്ശബ്ദരാണ്. ദൈവം ഞങ്ങളുടെ ഇടയിൽ ചെയ്ത കാര്യങ്ങളിൽ അവർ അത്ഭുതപ്പെടുന്നു. ഏതു വിധേനയും അപഹസിക്കപ്പെട്ട് പിടിച്ചു നിൽക്കാൻ നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ, പോരാട്ടം ഉപേക്ഷിച്ച് നിങ്ങൾ, ഒത്തു തീർപ്പുകാരുടെ കൂടെ ചേരും.

ഈ ശേഷിപ്പിൻറെ ചില സവിശേഷതകൾ ശ്രദ്ധിക്കുക.

- 'ഞാൻ ജനതകളുടെ അധരങ്ങളെ ശുദ്ധീകരിക്കും' ( സെഫ 3:9) ഈ ശേഷിപ്പിൻറെ സംസാരം നിർമ്മലമായിരിക്കും. യെശയ്യാവ് ദൈവത്തിൻറെ മഹത്വം കണ്ടപ്പോൾ തൻറെ

സംസാരത്തെക്കുറിച്ച് അവന് കുറ്റബോധം ഉണ്ടായി. ഞാൻ കൂടെകൂടെ സംസാരത്തെപ്പറ്റിയും പണത്തോടുള്ള നമ്മുടെ മനോഭാവത്തെക്കുറിച്ചും പറയാറുണ്ട് കാരണം ഈ രണ്ടു വിഷയങ്ങളെക്കുറിച്ച് പ്രവാചകന്മാർ വളരെ അധികം സംസാരിച്ചിരുന്നു. നമ്മുടെ നാവിൻെറ കാര്യത്തിലും പണത്തിൻെറ കാര്യത്തിലും നാം ശ്രദ്ധാലുക്കളാണെങ്കിൽ, നമുക്ക് കർത്താവിൻെറ വക്താക്കളാകാൻ കഴിയും.

- 'അവരെല്ലാവരും യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുകയും തോളോടു തോൾ ചേർന്ന് യഹോവയെ സേവിക്കുകയും ചെയ്യും' ( സെഫ 3:9) ഈ ശേഷിപ്പ് ഒരു ശരീരമായി ഒന്നിച്ചു ചേർന്ന് കർത്താവിൻെറ ഭാരം വഹിച്ചു കൊണ്ട് അവിടുത്തെ സേവിക്കും തോളോടു തോൾ ചേർന്ന്

- 'ഞാൻ നിൻെറ ഇടയിൽ നിന്ന് അഹങ്കാരത്തിൽ സന്തോഷിക്കുന്നവരും ധിക്കാരികളുമായ എല്ലാവരെയും നീക്കികളയും എൻെറ വിശുദ്ധപർവ്വതത്തിൽ ഒരു നിഗളവും ഉണ്ടാകുകയില്ല. ശേഷിക്കുന്നവർ താഴ്മയും ദാരിദ്ര്യവും ഉള്ളവരായിരിക്കും' ( സെഫ 3.11,12). ഗർവ്വികളെ എല്ലാം കർത്താവ് നീക്കിക്കളയുന്നതുകൊണ്ട് ശേഷിപ്പിൽ താഴ്മയുള്ളവർ മാത്രമെ ഉണ്ടായിരിക്കുകയുള്ളു. ആളുകൾ എന്നോട് ചോദിക്കുന്ന മറ്റൊരു ചോദ്യമാണ്, ' സഹോദരൻ സാക്, എന്തു കൊണ്ടാണ് നിങ്ങൾ താഴ്മയെക്കുറിച്ച് ഇത്രയധികം സംസാരിക്കുന്നത് ?. കാരണം വേദപുസ്തകം ആദിയോടന്തം സംസാരിക്കുന്നത് ഇതിനെപ്പറ്റിയാണ്.

- 'ശേഷിക്കുന്നവർ യഹോവയുടെ നാമത്തിൽ ആശ്രയിക്കും'(സെഫ 3:12) ഈ ശേഷിപ്പ് വിശ്വാസമുള്ളവരായിരിക്കും.

- ശേഷിച്ചിട്ടുള്ളവർ അന്യോന്യം അതിക്രമം ചെയ്യുകയില്ല അവർ ഒരിക്കലും വ്യാജം പറയുകയോ അന്യോന്യം വഞ്ചിക്കുകയോ ഇല്ല. അവർ സമാധാനപരമായ ജീവിതം നയിക്കും ( സെഫ 3:13). ഈ ശേഷിപ്പ് സമാധാനമുള്ളവരായിരിക്കും അവർ ഒരിക്കലും കള്ളം പറയുകയോ, ആരെയും വഞ്ചിക്കുകയോ, ആരെയും ഉപദ്രവിക്കുകയോ ഇല്ല. ' സീയോൻ പുത്രിയേ പാടുക, യിസ്രായേലേ ഉച്ചത്തിൽ ആർത്തു വിളിക്കുക! യെരുശലേം പുത്രിയേ പൂർണ്ണ ഹൃദയത്തോടെ സന്തോഷിച്ച് ആനന്ദിക്കുക! എന്തുകൊണ്ടെന്നാൽ യിസ്രായേലിൻെറ രാജാവായ യഹോവ നിൻെറ മധ്യേ ഇരിക്കുന്നു!' ( സെഫ 3:14,15). ഈ ശേഷിപ്പ്, കർത്താവിന് അവരോടുള്ള സ്നേഹത്തിൽ തങ്ങളുടെ പൂർണ്ണ സുരക്ഷിതത്വം കണ്ടിട്ടുള്ള, സന്തോഷമുള്ള ജനമായിരിക്കും.

- 'നിൻെറ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിൻെറ മധ്യേ ഇരിക്കുന്നു; അവൻ നിന്നിൽ അത്യന്തം സന്തോഷിക്കും. ഘോഷത്തോടെ അവൻ നിങ്കൽ ആനന്ദിക്കും'(സെഫ 3:17). ഈ ശേഷിപ്പിൻെറ മേൽ ദൈവം ആനന്ദിക്കുന്നു. പാപത്തിൽ ജീവിക്കുന്നവരുടെ മേൽ അവിടുന്ന് സന്തോഷം കണ്ടെത്തുന്നില്ല. ക്യാൻസറും കുഷ്ഠവും ക്ഷയരോഗവും ഉള്ള ഒരു കുഞ്ഞിൽ ഒരു പിതാവ് ആനന്ദിക്കുമോ? ഇല്ല പാപത്തിൽ ജീവിക്കുകയും അതിൽ നിന്ന് സൗഖ്യം പ്രാപിക്കുവാൻ ആഗ്രഹം ഇല്ലാത്തവരുമായവരിൽ ദൈവത്തിനും സന്തോഷ് കണ്ടെത്തുവാൻ കഴിയുകയില്ല. എന്നാൽ വിശുദ്ധമായ ഈ ശേഷിപ്പിൽ ദൈവം സന്തോഷം കണ്ടെത്തുന്നു. വലിയ സന്തോഷത്തോടെ അവിടുന്ന് അവരുടെ മേൽ ആർക്കുകയും പാടുകയും ചെയ്യുന്നു. ദൈവം തൻെറ ജനത്തിൻെറ മേൽ പാട്ടു പാടുന്നു എന്ന് തിരുവചനത്തിൽ പറഞ്ഞിട്ടുള്ള ഏകസ്ഥാനം ഇതാണ്. ദൈവത്തിന് സ്തോത്ര ഗാനം പാടുവാൻ നാം

പ്രബോധിപ്പിക്കപ്പെടുന്ന അനേകം ഇടങ്ങൾ വചനത്തിലുണ്ട്. എന്നാൽ ഇവിടെ ദൈവമാണ് നമ്മുടെ മേൽ പാട്ടു പാടുന്നത്. ദൈവത്തിന് നമ്മിൽ ആനന്ദിക്കുവാൻ കഴിയുന്ന തരത്തിലുള്ള ഒരു വ്യക്തി ആയിരിക്കുന്നത് എന്തൊരുവെല്ലുവിളിയാണ്.

- 'അവിടുന്ന് തൻറെ സ്നേഹത്തിൽ നിശ്ശബ്ദനായി നിനക്കുവേണ്ടി പദ്ധതികൾ തയ്യാറാക്കുന്നു' ( സെഫ 3:17 പരാവർത്തനം). കർത്താവ് സ്നേഹത്തിൽ നമുക്കുവേണ്ടി പദ്ധതികൾ തയ്യാറാക്കുന്നു, തന്നെയുമല്ല അവിടുന്ന് നമ്മുടെ സ്നേഹമുള്ള പിതാവാകയാൽ വരുവാനുള്ള നാളുകളിലേക്ക് നമുക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ള സന്തോഷകരമായ അത്ഭുതകാര്യങ്ങൾ അവിടുത്തെ പക്കൽ ഉണ്ട്.

- ' ബലഹീനരും നിസ്സഹായരുമായവരെ ഞാൻ രക്ഷിക്കും. പരിഹസിക്കപ്പെടുന്നവരെയും ലജ്ജിതരായവരേയും ഞാൻ കീർത്തിയും പ്രശംസയും ആക്കും. ഞാൻ നിനക്ക് വിശിഷ്ടമായ ഒരു നാമം നൽകും. അവരുടെ കണ്ണിൻമുമ്പിൽ നിങ്ങളുടെ പ്രവാസികളെ ഞാൻ മടക്കി വരുത്തുമ്പോൾ അവർ നിങ്ങളെ പ്രശംസിക്കും' ( സെഫ 3:19,20) ബലഹീനരും നിസ്സഹായരുമായ ഒരു ജനതയെ ഉൾക്കൊള്ളുന്നതാണ് ഈ ശേഷിപ്പ്. കർത്താവു തന്നെ അവരുടെ ശത്രുക്കളെ കൈകാര്യം ചെയ്യുകയും അവസാന നാളിൽ തൻറെ ജനത്തിന് പ്രശംസയും കീർത്തിയും നൽകുകയും ചെയ്യുന്നു.